# Kerala State Council for Science, Technology and Environment

**Dr. S. Pradeepkumar**
Member Secretary

45/MS/2017/KSCSTE 04.11.2017

Dear Sir,

Sub: **Celebration of Science Promotion Week 2017-reg**

In commemoration of birth anniversaries of great scientists Prof. C V Raman and Madam Marie Curie and former Prime minister of India, Pandit Jawaharlal Nehru, it was decided to organise a number of science popularization activities in the State during November 7-14, 2017 which is termed as **Science Promotion Week 2017.** Kerala State Council for Science, Technology and Environment (KSCSTE) in association with Kerala Sasthra Sahithya Parishad (KSSP) will organize the programmes in all districts of Kerala.

One of the decision taken during the meeting of State level Organizing Committee of Science Promotion Week 2017 held in your chamber on 27/10/2017 05.00 p.m. is to arrange a special assembly in every school on 7th November, 2017 with special emphasis on "Science Promotion Week 2017". A student will read out the highlights of the programme. The write up already approved by the Minister is attached. Kindly sent a letter in this regard to all the concerned.

Thanking You,

Sincerely

**S. Pradeepkumar**

**To,**

**Prof. C. Raveendranath,**
Hon,ble Minister for Education,
Govt. Secretariat,
Thiruvananthapuram

Sasthra Bhavan, Pattom P.O., Thiruvananthapuram - 695 004, Kerala State, India
Tel : 0471 - 2548200-09, EVP - 2543557, 2548222, MS - 2534605, 2548220, CoA - 2543556, 2548248
Fax : 0471 - 2540085, 2534605 e-mail : kscste@gmail.com, www.kscste.kerala.gov.in

**(നവംബർ 7-ന് നടക്കുന്ന പ്രത്യേക അസംബ്ലിയിൽ കുട്ടികളുടെ അവതരണത്തിനുള്ള കുറിപ്പ്)**

**ശാസ്ത്രവാരം - കുട്ടികൾ നടത്തുന്ന ആമുഖഭാഷണം**

നവംബർ 7 മുതൽ 14 വരെ നമ്മൾ ശാസ്ത്രവാരമായി ആഘോഷിക്കുകയാണ്. നമ്മുടെ സമൂഹത്തെയും നമ്മുടെ ജീവിതത്തെയും ഇന്നത്തെ നിലയിലേക്ക് വളർത്തിയെടുത്തതിൽ ശാസ്ത്രത്തിനും സാങ്കേതികവിദ്യക്കും നിർണായകമായ പങ്കുണ്ട്. ദൈനംദിന ജീവിതത്തിൽ ശാസ്ത്രസാങ്കേതിക വിദ്യകളെ ഒഴിവാക്കിക്കൊണ്ട് ഒരുനിമിഷംപോലും കഴിയാനാവാത്ത അവസ്ഥയും ഇന്നുണ്ട്. അതുകൊണ്ടു തന്നെ ശാസ്ത്രത്തെയും സാങ്കേതികവിദ്യയെയും കുറിച്ച് കൂടുതൽ അറിയേണ്ടതുണ്ട്. അതിന്റെ അനന്തസാധ്യതകളെ മനസ്സിലാക്കേണ്ടതുണ്ട്. അതിനുള്ള അവസരമായി ശാസ്ത്രവാരത്തെ നമുക്ക് പ്രയോജനപ്പെടുത്താം.

നമ്മുടെ ജീവിതത്തിൽ ആഹ്ലാദം പകരുന്ന പല കാര്യങ്ങളുമുണ്ട്. നാടകം, സിനിമ, സംഗീതം, വായന, യാത്ര, വിവിധ കലാപരിപാടികൾ ഇങ്ങനെ പലതും. ഇവയെല്ലാം നമുക്ക് ആസ്വദിക്കാൻ കഴിയണമെങ്കിൽ സാങ്കേതികവിദ്യകളുടെ സഹായം ആവശ്യമാണ്. കമ്പ്യൂട്ടർ, ഗതാഗതസൗകര്യങ്ങൾ, ശബ്ദത്തിനും വെളിച്ചത്തിനും വേണ്ടിയുള്ള ഉപകരണങ്ങൾ, വാട്ട്സാപ്പ്, ഇ-മെയിൽ, ഇന്റർനെറ്റ് ഇങ്ങനെ പലതും അത്യാവശ്യമാണ്. എന്നാൽ ഇപ്പറഞ്ഞതൊക്കെ ശാസ്ത്രത്തിന്റെ ഉൽപന്നങ്ങളാണ്. അതിന്റെ പിന്നിലുള്ള അടിസ്ഥാനശാസ്ത്രമാണ് കൂടുതൽ പ്രധാനം. ഇത്തരം സാങ്കേതിക വിദ്യകളുടെ കണ്ടെത്തലുകളിലേക്കും ശാസ്ത്രീയ തത്വങ്ങളിലേക്കും എത്തിച്ചേർന്ന ഒരു മാർഗമുണ്ട്. അതാണ് ശാസ്ത്രത്തിന്റെ രീതി. പരീക്ഷണത്തിലും നിരീക്ഷണത്തിലും നിഗമനത്തിലും അധിഷ്ഠിതമാണ് ശാസ്ത്രത്തിന്റെ രീതി. സംശയിക്കുന്നതും ചോദ്യംചെയ്യുന്നതും ശാസ്ത്രീയരീതിയുടെ ഭാഗമാണ്. മുൻവിധികൾ പാടില്ല. എന്റെ വിശ്വാസങ്ങളെയും മുൻധാരണകളെയും എതിർക്കുന്ന ഒന്നിനെയും ഞാൻ സ്വീകരിക്കില്ല, പഠിക്കില്ല എന്ന് ശഠിക്കുന്ന ഒരു സമൂഹത്തിൽ ശാസ്ത്രം വളരില്ല. തെളിവുകളും വസ്തുതകളുമാണ് ശാസ്ത്രത്തിന്നടിസ്ഥാനം.

ശാസ്ത്രബോധത്തിന്റെ കാര്യത്തിലും ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കുന്നതിലും ഇന്ത്യയിലെ ഭൂരിഭാഗം ജനങ്ങളും ഇന്നും വളരെ പിന്നിലാണ്. അജ്ഞതയും അന്ധവിശ്വാസവുമാണ് അവരെ നയിക്കുന്നത്. അതുകാരണം ശിശുമരണങ്ങളടക്കം ഒട്ടേറെ പ്രശ്നങ്ങൾ നിലനിൽക്കുന്നു. അറിവ് ഇത്രയേറെ സ്വാധീനിക്കുന്ന ഒരു കാലത്ത് ഒരു സമൂഹത്തിനും ഭൂഷണമല്ലാത്ത പലതും നമ്മുടെ നാട്ടിൽ നടന്നുകൊണ്ടിരിക്കുകയാണ്.

യുക്തിചിന്തയും ശാസ്ത്രബോധവും മുറുകെ പിടിച്ച് മുന്നേറിയ കേരളവും ഇപ്പോൾ അന്ധവിശ്വാസങ്ങളുടെയും ശാസ്ത്രവിരുദ്ധതയുടെയും നാടായി മാറുകയാണോയെന്ന് സംശയിക്കാവുന്ന തരത്തിലാണ് ഇവിടെ പലകാര്യങ്ങളും നടക്കുന്നത്. പ്രതിരോധ കുത്തിവെപ്പുകൾക്കെതിരായ പ്രചാരണം പോലും നമ്മുടെ നാട്ടിൽ നടക്കുന്നു. വസൂരിയും പോളിയോയും പ്രതിരോധ കുത്തിവെപ്പുവഴി ഉന്മൂലനം ചെയ്യുകയും ശിശുമരണനിരക്ക് കുത്തനെ കുറയ്ക്കുകയും ചെയ്ത നാടാണ് നമ്മുടെ കേരളം. പേപ്പട്ടി കടിച്ചാൽ കുത്തിവെപ്പല്ലാതെ വേറെന്താണ് മാർഗം? എന്തിനാണ് കുത്തിവെപ്പിനെ എതിർക്കുന്നത്? ഇത്തരം പ്രചാരണങ്ങൾ നമ്മുടെ നാടിനെ ബഹുദൂരം പിന്നിലേക്ക് നയിക്കാനേ സഹായിക്കുകയുള്ളൂ. ഈ സാഹചര്യത്തിലാണ് കേരളീയ സമൂഹത്തിൽ ശാസ്ത്രബോധം വളർത്താനുള്ള ശ്രമത്തിന്റെ ഭാഗമായി നവംബർ 7 മുതൽ 14 വരെ ശാസ്ത്രവാരമായി ആഘോഷിക്കുന്നത്. നവംബർ 7ന്റെ പ്രാധാന്യം എല്ലാവർക്കും അറിയാം. സി.വി രാമന്റെ 129-ാം ജന്മദിനമാണ്. 'രാമൻ പ്രഭാവം' എന്ന കണ്ടുപിടുത്തത്തിലൂടെ ആദ്യമായി നൊബേൽ സമ്മാനം നേടിയ ഇന്ത്യൻ ശാസ്ത്രജ്ഞനാണ് സി.വി രാമൻ.

നവംബർ 7-ന് ഇക്കുറി മറ്റൊരു പ്രാധാന്യം കൂടിയുണ്ട്. മദാം ക്യൂറിയുടെ 150-ാം ജന്മവാർഷികം അന്നാണ്. പോളണ്ടാണ് അവരുടെ ജന്മനാട്. പോളണ്ട് അന്ന് റഷ്യയുടെ കോളനിയായിരുന്നു. അവിടെ സ്ത്രീകൾക്ക് ശാസ്ത്രം പഠിക്കാൻ അവകാശമുണ്ടായിരുന്നില്ല. ജോലി ചെയ്ത് പണമുണ്ടാക്കി പാരീസിൽ പോയി ശാസ്ത്രം പഠിച്ച് ഡോക്ടറേറ്റ് ബിരുദവും ഭൗതികശാസ്ത്രത്തിലും (1903) രസതന്ത്രത്തിലും (1911) നൊബേൽ സമ്മാനവും അവർ നേടി. ഒരു സ്ത്രീ ശാസ്ത്രത്തിൽ ആദ്യമായാണ് ഡോക്ടറേറ്റ് ബിരുദവും നൊബേൽ സമ്മാനവും നേടുന്നത്. വിവേചനങ്ങളെ ചെറുത്തും ജീവിതദുരിതങ്ങളോട് പടപൊരുതിയുമാണ് അവർ മുന്നേറിയത്. മനുഷ്യതുല്യതയ്ക്കുവേണ്ടി അവർ നയിച്ച പോരാട്ടങ്ങൾ നമുക്കെല്ലാം വഴികാട്ടിയാണ്.

ശാസ്ത്രവാരാഘോഷം സമാപിക്കുന്നത് ശിശുദിനത്തിലാണ്. നമ്മുടെ ആദ്യ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ ജന്മദിനമാണ് നവംബർ 14. അദ്ദേഹം കുഞ്ഞുങ്ങളുടെ ചാച്ചാ നെഹ്റു മാത്രമല്ല, ഇന്ത്യൻ ജനതയിൽ ജനാധിപത്യബോധവും ശാസ്ത്രബോധവും മതനിരപേക്ഷതയും വളർത്തി

യെടുക്കാൻ നിരന്തരം ശ്രമിച്ച വ്യക്തി കൂടിയാണ്. അശാസ്ത്രീയതകൾക്കും കപടവിശ്വാസങ്ങൾക്കും എതിരെ എന്നും അദ്ദേഹം നിലകൊണ്ടു. നമ്മുടെ ശാസ്ത്രസ്ഥാപനങ്ങളാണ് വർത്തമാനകാലത്തെ നമ്മുടെ ആരാധനാലയങ്ങൾ എന്നദ്ദേഹം പറഞ്ഞു. ശാസ്ത്രാവബോധം എന്നതിന് ഇംഗ്ലീഷ് ഭാഷയിലുള്ള 'സയന്റിഫിക് ടെംപർ' (Scientific Temper) എന്ന പദം രൂപപ്പെടുത്തിയത് നെഹ്റുവാണ്. അതുകൊണ്ട് നവംബർ 7 മുതൽ 14 വരെയുള്ള ദിവസങ്ങൾ നമുക്ക് ശാസ്ത്രത്തിന്റെ ആഘോഷദിനങ്ങളാക്കി മാറ്റാം. തെളിവുകളെ അടിസ്ഥാനമാക്കിയുള്ള അറിവാണല്ലോ ശാസ്ത്രം. യുക്തിചിന്തയും ശാസ്ത്രബോധവും അതിന് അനുപേക്ഷണീയമാണ്. വായിച്ചാലും വായിച്ചാലും തീരാത്ത പാഠപുസ്തകമായ പ്രകൃതിയേയും നാം ജീവിക്കുന്ന പ്രപഞ്ചത്തെയും അറിയാനുള്ള അവസരമാക്കി ശാസ്ത്രവാരത്തെ നമുക്ക് മാറ്റാം. ശാസ്ത്രബോധമുള്ളവരായി വളരുമെന്ന് നമുക്ക് പ്രതിജ്ഞയെടുക്കാം.